LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ പനവൂർ എന്ന സ്ഥലവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ**

154 (155) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ നിയോജകമണ്ഡലത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസ്സുകളുടെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ നിയോജക മണ്ഡലത്തിൽ 52 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 47 എണ്ണം അന്വേഷണം പൂർത്തിയാക്കി ബഹു മാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബാക്കി 5 കേസ്സുകളിന്മേൽ അന്വേഷണം നടന്നുവരുന്നു.

**ലാവ്ലിൻ കേസ്**

155 (156) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്ലിൻ കേസ്സിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയത്;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെയുള്ള കേസ് എന്നതും കേസിലെ സെക്ഷനും വിശദമാക്കുമോ?

ഉത്തരം

(എ) ലാവ്ലിൻ കേസ്സുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു റിവിഷൻ ഹർജി മാത്രമാണ് നിലനിൽക്കുന്നത്.